"ഭരണഭാഷ-മാതൃഭാഷ"

## വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

KSHB Building, ശാന്തി നഗർ, തിരുവനന്തപുരം- 1

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: കെ.ബിജു.ഐ.എ.എസ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ശ്രീ.വി.ബി.ബാബു, ജൂനിയർ സൂപ്രണ്ടിന്റെ യു.ഡി.ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിലെ സീനിയോരിറ്റി പുനഃക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. പെരുവ ഐ.ടി.ഐ യിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.വി.ബി.ബാബുവിന്റെ 26.02.2016-ലെ അപേക്ഷ.

2. സർക്കാരിൽ നിന്നുള്ള 26.04.2016 ലെ സി1/21/2016/തൊഴിൽ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: എ3/20287/2013 തീയതി: 28.4.2016**

പെരുവ ഐ.ടി.ഐ യിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.വി.ബി.ബാബു ടിയാന്റെ യു.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി 24.02.2012-ലെ 8130/ഉ.പ.സി3/ഉ.ഭ.പ.വ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിയ്ക്കണമെന്ന് കാണിച്ച് 26.2.2016-ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിയ്ക്കുകയുണ്ടായി. വകുപ്പിൽ നിലവിലുള്ള യു.ഡി.ക്ലാർക്കുമാരുടെ അന്തിമഗ്രഡേഷൻ ലിസ്റ്റിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നതിനാൽ അപേക്ഷ സർക്കാരിലേയ്ക്ക് അയച്ചിരുന്നു.

KS&SSR-ലെ ഭാഗം II ചട്ടം 13A(1)(a) പ്രകാരം ശ്രീ.വി.ബി.ബാബു-വിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരനെന്ന നിലയിൽ 22.03.1997 തീയതി പ്രാബല്യത്തിൽ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിലെ സീനിയോരിറ്റി പുനഃക്രമീകരിയ്ക്കുന്നതിനും പരാമർശം (2) പ്രകാരം 26.4.2016-ന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ ശ്രീ.വി.ബി.ബാബുവിന്റെ യു.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി 22.03.1997 തീയതി പ്രാബല്യത്തിൽ ക്രമ നം.119 ശ്രീ.ബാബു.സി, ക്രമ നം.120, ശ്രീ.കെ.വി.ശശികുമാർ എന്നീ ജീവനക്കാർക്ക് മദ്ധ്യേ ക്രമീകരിച്ചും. ഹെഡ് ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ക്രമ നം.117 ശ്രീ.പി.കെ.സച്ചിദാനന്ദൻ ശ്രീ.118 ശ്രീ.കെ.വി.ശശികുമാർ എന്നീ ജീവനക്കാർക്ക് മദ്ധ്യേ ക്രമീകരിച്ചും ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി

ക്രമ നം.135 ശ്രീ.പി.കെ.സച്ചിദാനന്ദൻ ക്രമ നം.136 ശ്രീ.കെ.വി.ശശികുമാർ എന്നീ ജീവനക്കാർക്ക് മധ്യേ ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ശ്രീ.വി.ബി.ബാബു-വിന്റെ സീനിയോരിറ്റി, യു.ഡി.ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ ലിസ്റ്റിൽ പുനഃക്രമീകരിച്ചതിൽ ആക്ഷേപമുള്ള ജീവനക്കാർ 10 ദിവസത്തിനകം ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്. നിശ്ചിതസമയപരിധിയ്ക്കകം അപേക്ഷകളൊന്നും ലഭിയ്ക്കാത്തപക്ഷം ശ്രീ.വി.ബി.ബാബുവിന്റെ സീനിയോരിറ്റി പുനഃക്രമീകരിച്ച നടപടി അന്തിമമായി കണക്കാക്കുന്നതാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.വി.ബി.ബാബു,
ജൂനിയർ സൂപ്രണ്ട്,
ഐ.ടി.ഐ പെരുവ.

പകർപ്പ്:- 1. വകുപ്പ് വെബ്സൈറ്റ്
2. എസ്.എഫ് (എ3)
3. K.V. Sasikumar & others.
4. P.K. Sachidanandan

// ഉത്തരവിൻ പ്രകാരം //

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

[illegible]